കോൺട്രാക്റ്റർക്കു കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. ഏതായാലും അദ്ദേഹം വീണ്ടും ഈ ആവശ്യം സഭയിൽ ഉന്നയിച്ചിരിക്കുകയാണ്. ഇന്നുതന്നെ ഇതിനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. കോൺട്രാക്റ്റർക്ക് കൊടുക്കുവാനുള്ള ബിൽ കൊടുക്കുവാനും പണി പൂർത്തിയാക്കുവാനും ആവശ്യമായ നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

7. അവശ കലാകാരൻമാരുടെ പെൻഷൻ

ശ്രീ. വി. കെ. രാജൻ : സർ, അവശ കലാകാരൻമാർക്ക് ഇന്ന് നൽകി വരുന്ന പെൻഷൻ തുക ഏകീകരിച്ച് 500 രൂപയാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അവശ പത്ര പ്രവർത്തകർക്കും ചലച്ചിത്ര കലാകാരൻമാർക്കും അവരുടെ ആശ്രിതർക്കും വിവിധ നിരക്കിൽ സർക്കാർ നൽകി വരുന്ന പ്രതിമാസ സാമ്പത്തിക സഹായം ഏകീകരിച്ച് വർദ്ധിപ്പിച്ചതായി മന്ത്രി ശ്രീ. കെ. എം. മാണി പ്രഖ്യാപിക്കുകയുണ്ടായി. വൈകിയാണെങ്കിലും ആവശ്യം വേണ്ട ഒരു തീരുമാനമാണ് സർക്കാർ ഇപ്പോൾ കൈക്കൊണ്ടിരിക്കുന്നത്. എന്നാൽ സാഹിത്യം തുടങ്ങിയ കലാസാംസ്കാരിക രംഗങ്ങളിലും വിവിധ വാദ്യോപകരണങ്ങളും കൈകാര്യം ചെയ്തു ജീവിതകാലം മുഴുവൻ നിസ്തുല സേവനമനുഷ്ഠിച്ചിട്ടുള്ള അവശ കലാകാരൻമാർക്കു വർദ്ധിപ്പിച്ചിട്ടുള്ള ഏകീകരിച്ച നിരക്ക് ബാധകമാക്കി കാണുന്നില്ല. അതുകൊണ്ട് അതിനാവശ്യമായ നടപടികളും സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇപ്പോൾ ഒരു പദ്ധതിയുണ്ട്. 100, 150 രൂപ വീതമാണ് കൊടുക്കുന്നത്. പക്ഷേ, കേന്ദ്ര ഗവൺമെൻറിൻറെ പദ്ധതിയനുസരിച്ച് 50 വയസ്സുവരെയുള്ള ആളുകൾക്ക് 250 രൂപ മുതൽ 600 രൂപ വരെയും 50 വയസ്സിനു മുകളിൽ ഉള്ള ആളുകൾക്ക് 750 രൂപ വരെയും കൊടുക്കുന്ന പദ്ധതിയാണ് കേന്ദ്രഗവൺമെൻറിൽ ഇന്ന് നിലവിലുള്ളത്. ഈ രണ്ട് പദ്ധതികളേയും സംയോജിപ്പിച്ച് കൊണ്ടു പോകാൻ സാധിക്കുമോയെന്നുള്ള സ്ഥിതിയെക്കുറിച്ച് പരിശോധിക്കുന്നതിനു വേണ്ടി വരുന്ന ഡിസംബറിൽ ആദ്യവാരം ഇതുമായി ബന്ധപ്പെട്ട ആളുകളുടെ ഒരു കോൺഫറൻസ് വിളിച്ചിരിക്കുകയാണ്. ആ കോൺഫറൻസിനു ശേഷം തീരുമാനമെടുത്ത് നടപ്പിലാക്കുന്നതായിരിക്കും.

V റിപ്പോർട്ട് സമർപ്പണം

1. 1986-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്റ്റ് കമ്മറ്റി റിപ്പോർട്ട്
2. 1986-ലെ കേരള പൊതുകെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്റ്റ് കമ്മറ്റി റിപ്പോർട്ട്.
3. എസ്റ്റിമേറ്റ് കമ്മറ്റിയുടെ 23-ാമത് റിപ്പോർട്ട്

Minister for Co-operation (**Smt. M. Kamalam**) : Sir, I present the Report of the Subject Committee on the Kerala Co-operative Societies (Amendment) Bill, 1986.

LIBRARY ARCHIVES Kerala Legislative Assembly